പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3364 — 12.12.2014-ൽ മറുപടിക്ക്

## നാഷണൽ അർബൻ ഹെൽത്ത് മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന നാഷണൽ അർബൻ ഹെൽത്ത് മിഷൻ (എൻ.യു.എച്ച്.എം) പരിപാടിയിൽ, നഗര വികസന വകുപ്പിന് എന്തെങ്കിലും പങ്കാളിത്തമുണ്ടോ; സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളിലാണ് എൻ.യു.എച്ച്.എം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) ഉണ്ട്. നിലവിൽ തിരുവനന്തപുരം നഗരസഭയിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും, ആലപ്പുഴ, കോട്ടയം, പാലക്കാട്, മഞ്ചേരി, നെയ്യാറ്റിൻകര, കണ്ണൂർ, തൊടുപുഴ, പത്തനംതിട്ട, കൽപറ്റ, കാസർഗോഡ് എന്നീ നഗരസഭകളിലും 2013-14 വർഷം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. 2014-15 വർഷം നെടുമങ്ങാട്, കരുനാഗപ്പള്ളി, കായംകുളം, ചങ്ങനാശ്ശേരി,കൊടുങ്ങല്ലൂർ, ചാലക്കുടി, ഷൊർണൂർ,ഒറ്റപ്പാലം,കൊയിലാണ്ടി,വടകര,മലപ്പുറം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കോട്ടയ്ക്കൽ, പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, കാഞ്ഞങ്ങാട്, തൃപ്പൂണിത്തുറ, കളമശ്ശേരി,തൃക്കാക്കര, എന്നീ നഗരസഭകളിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എൻ.യു.എച്ച്.എം പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച് നഗരകാര്യ വകുപ്പും ആരോഗ്യ വകുപ്പും തമ്മിൽ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഈ വിഷയം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24/06/2014ൽ വിളിച്ചു ചേർത്ത യോഗത്തിൽ നഗരകാര്യ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്. |
| (സി) തിരുവനന്തപുരം കോർപ്പറേഷനിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് എൻ.യു.എച്ച്.എം സെന്ററുകൾ തുടങ്ങുന്നത്; ഏതെങ്കിലും സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ; ഇവിട്ടത്തെ ജീവനക്കാരെ ആരാണ് നിയമിക്കുന്നത്; | (സി) തിരുവനന്തപുരം നഗരസഭയിൽ ചാക്ക, ചാല, ജഗതി, എന്നിവിടങ്ങളിൽ സെന്റുകൾ ആരംഭിച്ചിട്ടുണ്ട്. നന്തൻകോട്, കണ്ണമ്മൂല, കളിപ്പാൻകുളം, വട്ടിയൂർക്കാവ്, തൃക്കണ്ണാപുരം, കുര്യാത്തി, ആറന്നൂർ, അമ്പലത്തറ, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. എൻ.യു.എച്ച്.എം ജില്ലാ പ്രോജക്ട് മാനേജരാണ് ജീവനക്കാരെ നിയമിക്കുന്നത്. |
| (ഡി) നിലവിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഹെൽത്ത് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു കേന്ദ്രങ്ങളിൽ(സി.ഡബ്ല്യൂ.സി), എൻ.യു. എച്ച്.എം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) ഉണ്ട്. |

| | | | |
|---|---|---|---|
| ഇ) | എങ്കിൽ അവിടെ ഇപ്പോൾ പ്രവർത്തിക്കുന്ന സി.ഡബ്ല്യു.സികളുടെയും അവിട്ടത്തെ ജീവനക്കാരുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചും എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ; | ഇ) | ഉണ്ട്. ജെ പി എച്ച് എൻ-മാർക്കും, ഫീമെയിൽ അറ്റന്റർമാർക്കും ടി സെന്ററുകളിൽ തന്നെ പ്രവർത്തിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| എഫ്) | ഇല്ലെങ്കിൽ, നഗരസഭകളുടെ കീഴിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്തവിധം, എൻ.യു.എച്ച്.എം സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ